# കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം -ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതല - പരിഷ്ക്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ ബി 1/11073/2017/കോ.വി.വ. തീയതി : 31/05/2017

---

പരാമർശം:- 1) ഈ ഓഫീസിലെ 31.5.2017 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
2) ഡോ. ജി. വിജയലക്ഷ്മിയുടെ 31.5.2017 തീയതിയിലെ അപേക്ഷ.

## ഉത്തരവ്

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടറുടെ സാമ്പത്തിക അധികാരത്തോടെയുള്ള പൂർണ്ണ അധികചുമതല തിരുവനന്തപുരം സർക്കാർ ആർട്സ് കോളേജിലെ പ്രിൻസിപ്പാൾ ആയ ഡോ. ജി. വിജയ ലക്ഷ്മിക്ക് സർക്കാർ സാധൂകരണത്തിന് വിധേയമായി മേൽ സൂചന പ്രകാരം നൽകിയിരുന്നു. ടി ചുമതലയിൽ നിന്നും ഒഴിവാക്കിത്തരണം എന്ന് ഡോ. ജി. വിജയലക്ഷ്മി മേൽ സൂചന പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

ടി സാഹചര്യത്തിൽ തിരുവനന്തപുരം കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല നെടുമങ്ങാട് ഗവൺമെൻറ് കോളേജിലെ പ്രിൻസിപ്പാൾ ആയ ഡോ. ഡി.കെ. സതീഷിന് സർക്കാർ സാധൂകരണത്തിന് വിധേയമായി സൂചന 1 ഉത്തരവിന് ഭാഗികമായി മാറ്റം വരുത്തി ഉത്തരവാകുന്നു.

(ഒപ്പ്)
എം.എസ്. ജയ. ഐ.എ.എസ്.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-
1) പ്രിൻസിപ്പാൾ, ഗവൺമെന്റ് കോളേജ്, നെടുമങ്ങാട്
2) പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്
3) കരുതൽ ഫയൽ / നടപ്പു ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജയ/1/6/17

GOVERNMENT OF KERALA